## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 6339 — 31.10.2011 -ൽ മറുപടിയ്ക്ക്

### വനവിഭവങ്ങളുടെ വിപണനം

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീമതി കെ. കെ. ലതിക | **ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി)** |
| എ) വനവിഭവങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുന്നതിന് ആരെയെങ്കിലും അധികാരപ്പെടുത്തിയിട്ടുണ്ടോ എന്നും അവയുടെ വില നിശ്ചയിക്കുന്നത് ആരാണെന്നും വ്യക്തമാക്കുമോ; | എ) 2006-ലെ വനാവകാശ നിയമപ്രകാരം ചെറുകിട വന വിഭവങ്ങൾ ആദിവാസി സമൂഹത്തിന്റെ പൊതു അവകാശമാണ്. നിലവിൽ തടിയേതര വന വിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അനുവാദം പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് റെയിഞ്ച് അടിസ്ഥാനത്തിൽ സൗജന്യമായി ഒരോ സാമ്പത്തിക വർഷത്തേക്കും നൽകി വരുന്നു. കൂടാതെ വന സംരക്ഷണ സമിതികളിലും, ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളിലും അംഗങ്ങളായ ആദിവാസികളും തടിയേതര വന വിഭവ ശേഖരണം നടത്തി വരുന്നു.<br>ഇക്കോ ഡെവലപ്പ്മെന്റ് & ട്രൈബൽ വെൽഫയർ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അദ്ധ്യക്ഷനും, സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, പട്ടികജാതി-പട്ടികവർഗ്ഗ ഫെഡറേഷൻ മാനേജിംഗ് ഡയറക്ടർ, ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് സെക്രട്ടറി, സഹകരണസംഘം രജിസ്ട്രാർ എന്നിവർ അംഗങ്ങളായ എം.എഫ്.പി കമ്മിറ്റിയാണ് കാലകാലങ്ങളിൽ ചെറുകിട വനവിഭവങ്ങളുടെ വില നിശ്ചയിക്കുന്നത്.<br>ചെറുകിട വനവിഭവങ്ങൾ ഒഴികെയുള്ള തടി, കഴകൾ, വിറക് എന്നീ വന വിഭവങ്ങൾ ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും വില നിശ്ചയിക്കുന്നതിനുമുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമാണ്. ചന്ദനം ശേഖരിക്കുന്നതും വിപണനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് കേരള വന നിയമം ആക്ട് 8, 2010 ത്തിൽ ഭേദഗതി |

വരുത്തിയിട്ടുളളതാണ്. ഇതനുസരിച്ച് ചന്ദനം ശേഖരിക്കുന്നതും വിപണനം ചെയ്യുന്നതിനും സർക്കാരിന് മാത്രമേ അധികാരമുളളു. ആനക്കൊമ്പ് വ്യാപാരം 1972 ലെ വന്യജീവി സംരക്ഷണ നിയമ പ്രകാരം നിരോധിച്ചിരിക്കുന്നു. 1978 ലെ Kerala Forest Produce (Fixation of Selling Price) Act അടിസ്ഥാനമാക്കിയാണ് വ്യവസായ ആവശ്യങ്ങൾക്കുളള 18 ഇനം വനോൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നത്. കാലാകാലങ്ങളിൽ സർക്കാർ തടി ഡിപ്പോകളിലൂടെ വിൽപ്പന നടത്തുന്ന വിവിധ ഇനം തടികളുടെയും, മറ്റ് വനോൽപ്പന്നങ്ങളുടെയും ഷെഡ്യൂൾറേറ്റും, സീനിയറേജ് റേറ്റും സർക്കാർ തലത്തിലാണ് പുതുക്കി നിശ്ചയിക്കുന്നത്. കൂടാതെ സർക്കാരിന്റെ തടി വിൽപ്പനശാലയിലൂടെ ചില്ലറ വിൽപ്പനയ്ക്കുളള തടികളുടെ വില നിശ്ചയിക്കുന്നതിനായി ടെറിട്ടോറിയൽ കൺസർവേറ്റർ ചെയർമാനായും, പ്രസ്തുത ടെറിട്ടോറിയൽ കൺസർവേറ്ററുടെ അധികാര പരിധിക്കുളളിൽ വരുന്ന തടി വിൽപ്പന വിഭാഗം ടെറിട്ടോറിയൽ വിഭാഗം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അംഗങ്ങളുമായ സമിതിയെ 04.04.2003 ലെ സർക്കാർ ഉത്തരവ് GO(Ms).21/2003/F&WLD പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| ബി) വനവിഭവങ്ങളുടെ ശേഖരണം, വിൽപ്പന എന്നിവ സംബന്ധിച്ച് എന്തെങ്കിലും നിയമവ്യവസ്ഥകളോ സർക്കാർ ഉത്തരവുകളോ നിലവിലുണ്ടോ; | ബി) ഉണ്ട് |
| സി) എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ? | സി) സംസ്ഥാനത്ത് പങ്കാളിത്ത വന പരിപാലനം നടപ്പിലാക്കുന്നതിനും തടി ഒഴികെയുളള ചെറുകിട വന വിഭവങ്ങൾ ശേഖരിക്കുന്നതിന് വന സംരക്ഷണ സമിതികളെ അധികാരപ്പെടുത്തിക്കൊണ്ടും ഉളളതാണ് |

സർക്കാർ ഉത്തരവ് നമ്പർ GO (Ms) 26/06/F&WLD dated 20.07.2006 സർക്കാർ വിൽക്കുന്ന വനോൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നതിനുള്ളതാണ് 1978 ലെ Kerala Forest Produce (Fixation of Selling Price) Act സർക്കാർ ഉത്തരവ് നമ്പർ GO (Ms) 19/11/F&WLD dated 31/3/11 ഉം. ചില്ലറ തടി വിൽപ്പനശാലയിലൂടെ വിൽക്കുന്ന തേക്ക് തടികളുടെ വില നിശ്ചയിക്കുന്നതിനായി സമിതിയെ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവാണ് 04.04.2003 ലെ സർക്കാർ ഉത്തരവ് GO(Ms).21/2003/F&WLD. 1961 ലെ കേരള വന നിയമം, 1972 ലെ വന്യജീവി സംരക്ഷണ നിയമം എന്നിവയിലും ടി നിയമങ്ങളെ അടിസ്ഥാനമാക്കിയുള്ള ഭേദഗതികളിലും ചട്ടങ്ങളിലും വനവിഭവങ്ങളുടെ ശേഖരണം, വില്പന എന്നിവയെക്കുറിച്ചുള്ള വ്യവസ്ഥകൾ ബാധകമാണ്. ടി സർക്കാർ ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

ചെയ്സ്ഥർ രാമിതൻ

അനുബന്ധം ലൈബ്രേറിയിൽ ലഭ്യമാണ്